©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2023 ഡിസംബർ 12<br>12th December 2023<br>1199 വൃശ്ചികം 26<br>26th Vrischikam 1199<br>1945 അഗ്രഹായനം 21<br>21st Agrahayana 1945 | നമ്പർ<br>No. | 4034 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G.O. (P) No.103/2023/LBR. *Dated, Thiruvananthapuram, 11th December, 2023*
*25th Vrischikam, 1199.*

**S. R. O. No. 1329/2023**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O. (Ms.) No.101/2012/LBR. dated 3rd July, 2012 and published as S.R.O. No.498/2012 in the Kerala Gazette Extraordinary No.1449 dated 9th

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

July, 2012, the Government of Kerala after considering the objections and suggestions received on the draft proposals published as notification No.LBRD-E1/112/2022-LBRD. dated 3rd April, 2023 in the Kerala Gazette Extraordinary No.1315 dated 11th April, 2023 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the classes of employees employed in the Coir Industry sector in the State of Kerala, as specified in the schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## Schedule

| *Work* | *Minimum Revised Wage (₹)* |
|---|---|
| (1) | (2) |
| A. *Coir Twisting Sector* | |
| 1. *Counting of Husk* | |
| (1) Green husk (for 4500) | 444.00 |
| (2) Decayed husk (for 4500) | 453.00 |
| 2. *Decaying of Husk* | |
| (1) Burying of husk in pit (for 3600) | 468.00 |
| *Note:-* Separate wage for installing new pits and renovating old pits. | |
| (2) Taking up of decayed husk (for 3000) | 468.00 |
| 3. *Carrying of husk* | |
| (1) For 150 husk | 438.00 |
| (2) Hard husk (150) | 443.00 |
| 4. *Cleaning of fibre* | |
| (1) **Using Machinery** | |
| (A) Mangadan, Vaikom, Paravoor Special, Paravoor Vannan, Bepur, Koilandy, Muppiri fibre from for 2300 husks | 453.00 |
| (B) Fibre from 2200 husks for twisting Anchuthengu, Aarattuppuzha, Karnatic, Kaippiri, Beach Coir | 458.00 |
| (2) Cleaning of fibre with hands without using machinery (for 2000) | 468.00 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| (3) Cleaning of A.S.M.coir with machinery (for 3000) | 453.00 |
| (4) Drying of husk to make Fertilizers (for 100 Kg) | 438.00 |

5. *Coir twisting by using Ratt*

The rate under this item has been fixed with respect to the production. The workload has been calculated on the basis of the completed runnage of the twisters. The runnage has been calculated by multiplying the length of twisted coir with the number of strands. The length of coir twisting area is calculated on the basis of the length between the face to face hooks of the wheels. The workload of each type of coir is calculated on the basis of the length of areas of the related places. These places in which the real length of coir twisting areas is different, the length is calculated on the basis of multiplying that length into the number of creepers.

According to the following workload, the wage of ₹ 1450 is for two twisters @ ₹ 500 and ₹ 450.00 is for machine turning worker.

The above wage of ₹ 1450.00 is applicable to the following coir twisting workload.

*(1) Anjuthengu Coir*

(a) 12-14 score

2910 metre runnage (That is 97 strands twisted at a coir twisting area of length 30 metres).

(b) 15-16 score

2790 metre runnage (That is 93 strands twisted at an area of length 30 metres)

*Note:-* Scorage indicates the number of used yarns (the number of yarns in the coir mat in length) and generally the thickness of coir.

*(2) Mangadan*

(a) 13-14 score

3124 metre runnage (142 strands twisted in 22 metre place)

(b) 14-15 score

3014 metre runnage (137 strands twisted in 22 metre place)

*(3) Ashtamudi*

(a) Item which has most thickness

3528 metre runnage (98 strands twisted in 36 metre place)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(b) Slight item - Alappadan model

3312 metre runnage (92 strands twisted in 36 metre place)

*(4) Arattupuzha*

(a) Ordinary 12-13 score

3300 metre runnage (50 bundles of 6 strands each twisted in 11 metre place)

(b) Superior 14-15 score

3168 metre runnage (48 bundles of 6 strands each twisted in 11 metre)

(c) Mahadevikad special 15-16 Score

2970 metre runnage (45 bundles of 6 strands each twisted in 11 metre place)

*(5) Vaikom Coir (Weaving)*

(a) Medium (including Kumbalangi Coir)

3312 metre runnage (138 bundles coir twisted in two strands at 12 metre place)

(b) High Quality

3120 metre runnage (130 bundles coir twisted in two strands at 12 metre place)

(c) Karnatic

1680 metre runnage (70 bundles coir twisted in two strands at 12 metre place)

*(6) M.K. Coir*

3150 metre runnage (175 bundles coir twisted in two strands at 9 metre place)

*(7) Paravur Coir*

(a) Vannan (Paravur Vannan)

3000 metre runnage (125 bundles coir twisted in two strands at 12 metre place)

(b) Paravur Median

2928 metre runnage (122 bundles coir twisted in two strands at 12 metre place)

(c) Paravur Slight item

2880 metre runnage (120 bundles coir twisted in two strands at 12 metre place)

(d) Paravur Special

2760 metre runnage (115 bundles twisted in two strands at 12 metre place)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

*(8) Muppiri Coir*

(a) 3240 metre runnage (90 bundles twisted in three strands at 12 metre place)

*(9) Ropeyarn - the rate of wage for coir in thread form are as given below :*
₹ 6.25 for one bundle of hand twisted medium coir, having 31 metre length.

*(10) Hand twisted coir*

| | |
|---|---|
| (1) Beypore Coir | : ₹ 55 for 1 kg. |
| (2) Koyilandi Coir | : ₹ 70 for 1 kg. |
| (3) Thirur bundle in Ponnani region | : ₹ 60 for 1 kg. |
| (4) Ponnani Vannan | : ₹ 55 for 1 kg. |

*(11) Coir twisting using Motorised traditional Ratt and Electronic Ratt*

(1) ₹ 438.00 will be paid to each worker for spinning 13 Kgs of Aratupuzha and Mangadan type rope using ¼ HP motor mounted ratt and electronic ratt manufactured by Kerala State Coir Manufacturing Company, eliminating the process of turning the wheel by two rope spinning workers.

(2) ₹ 438.00 will be paid to each worker who makes 10 kg of Vaikom Coir or any similar coir using an Electronic Ratt and Motorised traditional Ratt.

*(12) Coir twisting in Automatic Spinning Machine*

₹ 438.00 will be paid to each worker who makes 50 kg of coir with a runnage between 140 and 160 in Automatic Spinning Machine. For the work of twisting an A.S.M Coir's bobbin 1 Rupee and 35 paise will be paid for twisting each bobbin.

*(13) Beach Yarn*

Hand twisting workers will be paid ₹ 438.00 for twisting 6 kg of coir.

*(14) Bundle*

(1) ₹ 34 shall be paid for drying and winding 15 kg of coir twisted in ratt. Special rate shall be paid for the extra effort and time required for winding carefully and artfully.

(2) ₹ 33 for 15 kg and twisted coir, dried and wind up. Special rate shall be paid for the extra effort and time required for winding carefully and artfully.

If any amount in excess of the above rate exists is any place, the same shall be continued.

*Note:*- Husk is indicated as the green husk of a coconut.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

*(15) The rate for beating decayed husk using machinery is as follows:*

(1) ₹ 33 is the rate for peeling sheath of 1500 husk.

(2) ₹ 438 is the rate for making fibre from peeled 1000 husk into fibre.

*(16) Making fibre from green husk using machinery*

(1) ₹ 438.00 for making fibre from 5000 green husk (Combing Machine)

(2) ₹ 438 for making fibre from 1000 green husk (Beater Machine functioning in Mill)

B. **Re-hanking - Bailing Section :- Daily wage - ₹ 428**

*1. Re-hanking*

1. Anchuthengu:
   (a) Below 240 runnage:
      (1) A worker shall re-hank 80 kgs of coir below 17 metre of length.
      (2) A worker shall re-hank 85 kgs of coir above 17 metre of length.

   (b) Above 240 runnage
      (1) A worker shall re-hank 75 kgs of coir below 17 metre of length.
      (2) A worker shall re-hank 80 kgs of coir above 17 metre of length.

2. Arattupuzha:
   (a) Below 240 runnage:
      (1) A worker shall re-hank 80 kgs of coir below 17 metre of length.
      (2) A worker shall re-hank 85 kgs of coir above 17 metre of length.

   (b) Above 240 runnage:
      (1) A worker shall re-hank 75 kgs of coir below 17 metre of length.
      (2) A worker shall re-hank 80 kgs of coir above 17 metre of length.

3. Vaikkom:
   (a) Below 200 runnage:
      (1) A worker shall re-hank 90 kgs of coir below 17 metre of length.
      (2) A worker shall re-hank 95 kgs of coir above 17 metre of length.

   (b) Above 200 runnage:
      (1) A worker shall re-hank 85 kgs of coir below 17 metre of length.
      (2) A worker shall re-hank 90 kgs of coir above 17 metre of length.

*Note :-* (1) For re-hanking of coloured coir, 5% excess wage shall be paid.
(2) For Punjavalikal, basic re-hanking for ordinary hanking, 15% excess wage shall be paid.
(3) For Punjavalikal from American hanking, 35% excess rate shall be paid.
(4) Twisting of doubled strands (In accordance with rope business):
10% of excess wage shall be paid.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) (a) The above rate shall be paid to American hanking. These rates shall be applicable for conveying the coir for re-hanking and returning the same after re-hanking. No other expenses incurred after re-hanking the coir from the shed shall come under this rate.

(b) Re-hanking means to cut the damaged portion of coir to join the ends and winding up etc. in accordance with the existing business.

(c) The coir should be in good quality in accordance to existing business.

*2. Bailing*

(a) Pending and Sorting (Classification)

| | *Basic Wage (₹)* |
|---|---|
| 1) Carriers (Carrying coir) | 428.00 |
| 2) Openers | 428.00 |
| 3) Examiners | 428.00 |
| 4) Sizers | 428.00 |
| 5) Sorters (Sorting coir) | 428.00 |

*Note:-* (a) The above rate is applicable to the daily waged employees.

(b) If there is any reference of work in distance is mentioned and if it exceeds 46 metres, 10% of wage shall be paid in excess.

(c) If the height of the piled bundle is above 1.83 metre, to open and dry, an opener shall be granted 10% of excess of wage.

(d) Coir carriers when carrying the coir to the upper godown for sizing, shall be allowed actual radius rate of the lower godown and in addition 10% of excess rate shall be paid.

| | *(₹)* |
|---|---|
| (1) Coir Carrier | 428.00 |
| (2) Openers | 428.00 |
| (3) Sorters | 428.00 |
| (4) Sizers | 428.00 |

*(1) Openers*

(a) They bring the arranged coir from the godown to outside, within 46 metres. They have to open the bundle, dry in the sun and turn them while drying. They have to sort the defective, damaged and filthy and to return them to any godown within 46 metres.

(b) After drying, they have to be made small bundles with the same colour and size. The dried coir must be taken and stacked in any godown within 46 metres.

(c) Since more time is needed for drying during the period from May 15 to August 15, they shall be paid 20% Monsoon Allowance.

(d) This 20% includes, the outgoing and incoming of coir, spreading of mat, tarpaulin, reed etc., covering of coir, and returning of coir and its bundles to its original places. The Monsoon Allowance

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

will be provided during the above period even if no rain is at all. But during the period of sunny season, if it rains, the bringing of coir to godown, covering with tarpaulin, reed etc. should be done as suggested by the Management. No special allowance would be given to the above purpose. The spreading of tarpaulin other than during the Monsoon season, will be done by the Management.

*(2) Examiners*

This may be done by daily waged employees. The number of them may be decided by the Management as they are supervisors. The existing piece work employees can be made as daily wagers or they may be paid the wage less than that of the early piece rate.

*(3) Sorters*

They have to bundle and sort the coir according to the thickness of the coir.

*(4) Coir Carriers*

It is the duty to carry the coir of same size within 46 metres. This may be done within 46 metres of the Godown or open space within 46 metres. The damage and filthy coir may be bundled at any place within 46 metres.

*(5) Coir Sizers*

They have to sort the coir in accordance with the colour, thickness and turnings. The damaged and filthy coir may be bundled separately. The sorted coir should be arranged so as to bundle with 50 kgs. They have to carry the coir for weighing. Unsuitable bundles should be returned to the godown.

*(6) Helpers*

The helpers may be appointed in certain factories to sort and size the coir. They are eligible for a pay of ₹ 428.00 daily.

*(7) Alok Yarn*

The wage for unwinding, sorting and sizing of coir of Alok Yarn is also applicable to Anchuthengu.

*(8) Rates*

The rates of ordinary coir bundles should be the same as that of unwinding, carrying, sorting size and bleaching and non-bleaching. If an employer does not wish, to do the job with different types, he may pay the same rate as paid early to them. Openers will be paid with the wage of non drial coir and others will be paid with the wage of dry coir. The wage for the non-drial coir can be fixed as below.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| Vaikom | : 40 bundles 500 kg. |
| Anchuthengu, Mangadan | : 20 bundles 500 kg. |
| Ashtamudi, Paravur, Arattupuzha | : 6 or 10 bundles in accordance with the rate of moisture 300 kg. |
| Alappadan | : 6 bundles 300 kg. |
| Ropping | : 10 bundles 300 kg. |

The above rates are in addition to the existing Monsoon rates.

| | |
|---|---|
| Daily waged workers | : (Unskilled Workers) |
| Basic Wage | : 428 |

(a) Physical cleaning work : 428
Creche handlers etc.

(b) Supervisors and Skilled Workers : Grade - I
(Mooppans, Mooppathis, Skilled men, Carpenters, Mason, Blacksmiths)

| | *Basic Wage* *(₹)* |
|---|---|
| 1-5 years of Service | 418.00 |
| 6-10 years of Service | 428.00 |
| 11-15 years of Service | 438.00 |
| 16-20 years of Service | 448.00 |
| 21-30 years of Service | 458.00 |
| Above 31 years of Service | 468.00 |

(c) Supervisors and Skilled Workers : Grade - II
Sahamooppans, Sahamoopathis, Semi Skilled Masons, Blacksmiths, Examiners, Joining Supervisors, Markers.

| | *Basic Wage* *(₹)* |
|---|---|
| 1-5 years of Service | 418.00 |
| 6-10 years of Service | 428.00 |
| 11-15 years of Service | 438.00 |
| 16-20 years of Service | 448.00 |
| 21-30 years of Service | 458.00 |
| Above 31 years of Service | 468.00 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Dearness Allowance :

(a) The Dearness Allowance will be 2 rupees 30 paise for each point exceeding 165 points (New series 2011-2012=100) of this Consumer Price Index Number published by the Bureau of Economics and Statistics Department.

*Note :-*

1. The D.A. will be calculated on the basis of the Consumer Price Index Number published on each district by the Economics and Statistics Department.

2. The D.A. on a particular month will be calculated on the basis of the Consumer Price Index Number of 2 months prior to that month. For example, the D.A. for the month of April will be calculated on the basis of the Consumer Price Index Number for the month of February.

3. If the period of wage is related to two months, the wage is calculated considering on the D.A. of the wage of the last month. For example, if the period of wage is from February 24 to March, then the Consumer Price Index Number of January should be considered for fixing the wage. The Consumer Price Index Number as shown above will be the Price Index Number published by the Directorate of Economics and Statistics.

4. In case the employees of any place/establishment are getting higher wages than the wages fixed above, they shall be given such higher wages.

By order of the Governor,

**SAURABH JAIN**

*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Government had earlier revised the minimum rates of wages payable to the classes of employees employed in the Coir Industry sector in the State of Kerala as per notification issued under G.O.(Ms.)No.101/2012/LBR. dated 3rd July, 2012 and published as S.R.O. No.498/2012 in the Kerala Gazette Extraordinary No.1449 dated 9th July, 2012. The Government have, now, decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the draft proposal published as notification No.LBRD-E1/112/2022-LBRD. dated 3rd April, 2023 in the Kerala

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Gazette Extraordinary No.1315 dated 11th April, 2023 and in consultation with the advice of the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ
**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**
വിജ്ഞാപനം

സ.ഉ.(അച്ചടി) നം.103/2023/തൊഴിൽ

തിരുവനന്തപുരം, തീയതി, 2023, ഡിസംബർ 11
1199, വൃശ്ചികം 25

**എസ്. ആർ. ഒ. നമ്പർ 1329/2023**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2012 ജൂലൈ 3-ാം തീയതിയിലെ ജി.ഒ.(എം.എസ്.) 101/2012/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2012 ജൂലൈ 9-ാം തീയതിയിലെ 1449-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.498/2012 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2023 ഏപ്രിൽ 3-ാം തീയതിയിലെ ഇ 1/112/2022/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2023 ഏപ്രിൽ 11-ാം തീയതിയിലെ 1315-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സർക്കാർ, കേരള സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക**

| *ജോലി* | *പുതുക്കി നിശ്ചയിക്കുന്ന കുറഞ്ഞ കൂലി (രൂപ)* |
|---|---|
| (1) | (2) |
| എ. കയർ പിരി വിഭാഗം | |
| 1. മടൽ എണ്ണൽ | |
| (1) പച്ചത്തൊണ്ട് (4500-ന്) | 444.00 |
| (2) അഴുകിയ തൊണ്ട് (4500-ന്) | 453.00 |
| 2. തൊണ്ട് അഴുക്കൽ | |
| (1) കുഴികളിൽ തൊണ്ട് മൂടുന്നതിന് (3600-ന്) | 468.00 |
| *കുറിപ്പ്:-* പുതിയ കുഴികൾ സജ്ജമാക്കുന്നതിനും പഴയ കുഴികൾ പരിഷ്ക്കരിക്കുന്നതിനും പ്രത്യേക കൂലി. | |
| (2) അഴുകിയ തൊണ്ട് എടുക്കുന്നതിന് കൂലി (3000-ന്) | 468.00 |
| 3. മടലടി | |
| (1) 150 മടലിന് | 438.00 |
| (2) കല്ലൻ മടലിന് (150) | 443.00 |
| 4. ചകിരി വൃത്തിയാക്കൽ | |
| (1) യന്ത്രസഹായത്താൽ | |
| (എ) മങ്ങാടൻ, വൈക്കം, പറവൂർ സ്പെഷ്യൽ, പറവൂർ വണ്ണൻ ബേപ്പൂർ, കൊയിലാണ്ടി, മുപ്പരി, 2300 മടലിന്റെ ചകിരിക്ക് | 453.00 |
| (ബി) അഞ്ചുതെങ്ങ്, ആറാട്ടുപുഴ, കർണ്ണാടിക്, കൈപ്പിരി, ബീച്ച് കയർ എന്നിവയുടെ കയർ പിരിക്കാനുള്ള ചകിരി 2200 മടലിന്റേത് | 458.00 |
| (2) യന്ത്ര സഹായമില്ലാതെ കൈകൊണ്ട് ചകിരി വൃത്തിയാക്കുന്നതിന് (2000-ത്തിന്) | 468.00 |
| (3) എ.എസ്.എം. കയറിന് യന്ത്ര സഹായത്താൽ ചകിരി വൃത്തിയാക്കൽ (3000-ത്തിന്) | 453.00 |
| (4) ചകിരി ചോറ് ഉണക്കി വളമാക്കിമാറ്റുന്ന ജോലി (100 കിലോഗ്രാമിന്) | 438.00 |

5. റാട്ടുപയോഗിച്ചുള്ള കയർ പിരി

റാട്ടുപയോഗിച്ചുള്ള കയർ പിരിക്കുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടുള്ളത് ഉല്പാദനവുമായി ബന്ധപ്പെടുത്തിയാണ്. കയർ പിരിയുടെ ജോലി ഭാരം ക്ലിപ്തപ്പെടുത്തിയിരിക്കുന്നത് പിരിക്കാൻ പൂർത്തിയാകുന്ന റണ്ണേജിന്റെ അടിസ്ഥാനത്തിലാണ്. പിരിക്കുന്ന കയറിന്റെ നീളത്തെ വള്ളികളുടെ എണ്ണം കൊണ്ട് ഗുണിച്ചാണ് റണ്ണേജ് നിർണ്ണയിച്ചിരിക്കുന്നത്. കയർപിരി സ്ഥലത്തിന്റെ നീളം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണക്കാക്കുന്നത് നേർക്കുനേരെ ഇരിക്കുന്ന ചക്രങ്ങളുടെ കൊളുത്തുകൾ തമ്മിലുള്ള അകലത്തിന്റെ അടിസ്ഥാനത്തിലാണ്. ഓരോതരം കയറിന്റേയും വർക്ക് ലോഡ് കണക്കാക്കുന്നത് ബന്ധപ്പെട്ട സ്ഥലങ്ങളിൽ പൊതുവായുള്ള കയർപിരി സ്ഥലത്തിന്റെ നീളത്തിന്റെ അടിസ്ഥാനത്തിലാണ്. കയർപിരി സ്ഥലത്തിന്റെ യഥാർത്ഥ അകലം വ്യത്യസ്തമായിട്ടുള്ള സ്ഥലങ്ങളിൽ ആ അകലത്തെ വള്ളികളുടെ എണ്ണം കൊണ്ട് ഗുണിച്ചാണ് ജോലിഭാരം നിർണ്ണയിക്കുന്നത്.

താഴെ വിവരിച്ചിട്ടുള്ള ജോലിഭാരത്തിനനുസരിച്ച് കയർ പിരിക്കുള്ള 1450.00 കൂലിയിൽ 500.00 രൂപ പ്രകാരം രണ്ട് പിരിക്കാർക്കും, 450.00 രൂപ ചക്രം തിരിക്കുന്ന തൊഴിലാളിക്കുമാണ്.

മുകളിൽ പ്രതിപാദിച്ചിട്ടുള്ള 1450.00 രൂപ കൂലി നിരക്ക് താഴെ പറയുന്ന വിവിധ ഇനം കയർ പിരിക്കുന്നതിനുള്ള ജോലിഭാരത്തിന് ബാധകമാണ്.

(1) <u>അഞ്ചുതെങ്ങ് കയർ</u>

(എ) 12-14 സ്കോർ:

2910 മീറ്റർ റണ്ണേജ് (അതായത് 30 മീറ്റർ നീളമുള്ള കയർ പിരിസ്ഥലത്ത് പിരിച്ച 97 വള്ളികൾ)

(ബി) 15-16 സ്കോർ:

2790 മീറ്റർ റണ്ണേജ് (അതായത് 30 മീറ്റർ നീളമുള്ള കയർ പിരിസ്ഥലത്ത് പിരിച്ച 93 വള്ളികൾ)

കുറിപ്പ് :- സ്കോറേജ് സൂചിപ്പിക്കുന്നത് ഉപയോഗിച്ചിട്ടുള്ള ഇഴകളുടെ എണ്ണവും (കയറ്റുപായിൽ നീളത്തിൽ തുടരെ വരുന്ന ഇഴകളുടെ എണ്ണവും) പൊതുവെ കയറിന്റെ വണ്ണവുമാണ്.

(2) <u>മങ്ങാടൻ</u>

(എ) 13-14 സ്കോർ:

3124 മീറ്റർ റണ്ണേജ് (22 മീറ്റർ നീളമുള്ള സ്ഥലത്ത് പിരിച്ച 142 വള്ളികൾ)

(ബി) 14-15 സ്കോർ:

3014 മീറ്റർ റണ്ണേജ് (22 മീറ്റർ നീളമുള്ള സ്ഥലത്ത് പിരിച്ച 137 വള്ളികൾ)

(3) <u>അഷ്ടമുടി</u>

(എ) വണ്ണം കൂടിയ ഇനം:

3528 മീറ്റർ റണ്ണേജ് (36 മീറ്റർ നീളമുള്ള സ്ഥലത്ത് പിരിച്ച 98 വള്ളികൾ)

(ബി) നേരിയ ഇനം - ആലപ്പാടൻ മാതൃക:

3312 മീറ്റർ റണ്ണേജ് (36 മീറ്റർ നീളമുള്ള സ്ഥലത്ത് പിരിച്ച 92 വള്ളികൾ)

(4) <u>ആറാട്ടുപുഴ</u>

(എ) സാധാരണ 12-13 സ്കോർ:

3300 മീറ്റർ റണ്ണേജ് (11 മീറ്റർ നീളമുള്ള സ്ഥലത്ത് പിരിച്ച 6 വള്ളികളുള്ള 50 മുടികൾ)

(ബി) സുപ്പീരിയർ 14-15 സ്കോർ:

3168 മീറ്റർ റണ്ണേജ് (11 മീറ്റർ സ്ഥലത്ത് പിരിച്ച 6 വള്ളികളുള്ള 48 മുടികൾ)

(സി) മഹാദേവിക്കാട് സ്പെഷ്യൽ 15-16 സ്കോർ:

2970 മീറ്റർ റണ്ണേജ് (11 മീറ്റർ നീളത്തിലുള്ള സ്ഥലത്ത് പിരിച്ച 6 വള്ളികളുള്ള 45 മുടികൾ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) വൈക്കം കയർ (നെയ്ത്ത്)

(എ) ഇടത്തരം (കുമ്പളങ്ങി കയർ ഉൾപ്പെടെ):
3312 മീറ്റർ റണ്ണേജ് (12 മീറ്റർ നീളമുള്ള സ്ഥലത്ത് പിരിക്കുന്ന 2 വള്ളികളോടുകൂടിയ 138 മുടികയർ)

(ബി) നല്ല ഗുണനിലവാരമുള്ളത്:
3120 മീറ്റർ റണ്ണേജ് (12 മീറ്റർ നീളമുള്ള സ്ഥലത്ത് പിരിച്ച 2 വള്ളികളോടുകൂടിയ 130 മുടികയർ)

(സി) കർണ്ണാടിക്:
1680 മീറ്റർ റണ്ണേജ് (12 മീറ്റർ നീളമുള്ള സ്ഥലത്ത് പിരിച്ച 2 വള്ളികളോടുകൂടിയ 70 മുടികൾ)

(6) എം.കെ. കയർ
3150 മീറ്റർ റണ്ണേജ് (9 മീറ്റർ നീളമുള്ള സ്ഥലത്ത് പിരിച്ച 2 വള്ളികളുള്ള 175 മുടികൾ)

(7) പറവൂർ കയർ

(എ) വണ്ണൻ (പറവൂർ വണ്ണൻ)
3000 മീറ്റർ റണ്ണേജ് (12 മീറ്റർ നീളത്തിലുള്ള സ്ഥലത്ത് പിരിച്ച 2 വള്ളികളോടുകൂടിയ 125 മുടികൾ)

(ബി) പറവൂർ ഇടത്തരം
2928 മീറ്റർ റണ്ണേജ് (12 മീറ്റർ നീളത്തിലുള്ള സ്ഥലത്ത് പിരിക്കുന്ന 2 വള്ളികളോടുകൂടിയ 122 മുടികൾ)

(സി) പറവൂർ നേരിയ ഇനം
2880 മീറ്റർ റണ്ണേജ് (12 മീറ്റർ നീളത്തിലുള്ള സ്ഥലത്ത് പിരിക്കുന്ന 2 വള്ളികളോടുകൂടിയ 120 മുടികൾ)

(ഡി) പറവൂർ സ്പെഷ്യൽ
2760 മീറ്റർ റണ്ണേജ് (12 മീറ്റർ നീളത്തിലുള്ള സ്ഥലത്ത് പിരിക്കുന്ന 2 വള്ളികളോടുകൂടിയ 115 മുടികൾ)

(8) മുപ്പിരി കയർ
3240 മീറ്റർ റണ്ണേജ് (12 മീറ്റർ നീളത്തിലുള്ള സ്ഥലത്ത് പിരിക്കുന്ന 3 വള്ളികളോടുകൂടിയ 90 മുടികൾ)

(9) റോപ്പുയാൺ ചരട് രൂപത്തിലുള്ള കയർ പിരിക്കുന്നതിന് താഴെ പറയുന്ന നിരക്കാണ്.
31 മീറ്റർ നീളത്തിൽ കൈകൊണ്ട് പിരിക്കുന്ന ഇടവണ്ണ കയർ (ഇടത്തരം) ഒരു മുടിക്ക് 6 രൂപ 25 പൈസ.

(10) കൈകൊണ്ട് കയർ പിരി

| | |
|---|---|
| (1) ബേപ്പൂർ കയർ | : രൂപ 55 ഒരു കിലോഗ്രാമിന്. |
| (2) കൊയിലാണ്ടി കയർ | : രൂപ 70 ഒരു കിലോഗ്രാമിന്. |
| (3) പൊന്നാനി മേഖലയിലെ തിരൂർ മുടി | : രൂപ 60 ഒരു കിലോഗ്രാമിന്. |
| (4) പൊന്നാനി വണ്ണൻ | : രൂപ 55 ഒരു കിലോഗ്രാമിന്. |

(11) മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടും ഇലക്ട്രോണിക് റാട്ടും ഉപയോഗിച്ചുള്ള കയർപിരി

(1) ¼ എച്ച്.പി മോട്ടോർ ഘടിപ്പിച്ച റാട്ടുപയോഗിച്ചും, കേരളാ സ്റ്റേറ്റ് കയർ മാനുഫാക്ച്ചറിംഗ് കമ്പനി നിർമ്മിച്ചെടുത്ത ഇലക്ട്രോണിക് റാട്ടുപയോഗിച്ചും രണ്ട് കയർപിരി തൊഴിലാളികൾ ചേർന്ന് ചക്രം തിരിക്കുന്ന പ്രക്രിയ ഒഴിവാക്കികൊണ്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആറാട്ടുപുഴ, മങ്ങാടൻ തരം കയർ ആകെ 13 കിലേഗ്രാം പിരിക്കുന്നതിന് 438.00 രൂപ വീതം ഓരോ തൊഴിലാളിക്കും കൂലി നൽകേണ്ടതാണ്.

(2) ഇലക്ട്രോണിക് റാട്ടിലും, മോട്ടോർ ഘടിപ്പിച്ച റാട്ടിലും ഒരു തൊഴിലാളി തന്നെ 10 കിലോഗ്രാം വൈക്കം കയറോ സമാനമായ കയറോ പിരിക്കുന്നതിന് 438.00 രൂപ നൽകേണ്ടതാണ്.

(12) ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ കയർ പിരിക്കുന്നതിന്

ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ 50 കിലോഗ്രാം 140 മുതൽ 160 വരെ റണ്ണേജുള്ള കയർ പിരിക്കുന്നതിന് ഓരോ തൊഴിലാളിക്കും 438.00 രൂപ വീതം കൂലി നൽകേണ്ടതാണ്. എ.എസ്.എം. കയറിന്റെ ബോബിൻ ചുറ്റുന്ന ജോലിക്ക് ഒരു ബോബിൻ ചുറ്റുന്നതിന് 1 രൂപ 35 പൈസ നൽകേണ്ടതാണ്.

(13) ബീച്ച് യാൺ

കൈപിരി തൊഴിലാളികൾക്ക് ആറ് കിലോ പിരിക്കുന്നതിന് പ്രതിദിന കൂലിയായ 438.00 രൂപയ്ക്ക് അർഹതയുണ്ടായിരിക്കും.

(14) കെട്ട്

(1) റാട്ടിൽ പിരിച്ച 15 കിലോഗ്രാം കയർ ഉണക്കി കെട്ടുന്നതിന് 34 രൂപ. കൂടുതൽ ശ്രദ്ധയോടെ കലാപരമായി കെട്ടുന്നതിന് വേണ്ടിവരുന്ന അധിക പ്രയത്നത്തെയും സമയത്തെയും പരിഗണിച്ച് പ്രത്യേക നിരക്ക് നൽകേണ്ടതാണ്.

(2) കൈകൊണ്ട് പിരിക്കുന്ന 15 കിലോഗ്രാം കയർ ഉണക്കി കെട്ടുന്നതിന് 33 രൂപ. കൂടുതൽ ശ്രദ്ധയോടെ കലാപരമായി കെട്ടുന്നതിന് വേണ്ടി വരുന്ന അധിക പ്രയത്നത്തെയും സമയത്തെയും പരിഗണിച്ച് പ്രത്യേക നിരക്ക് നൽകേണ്ടതും മുകളിൽ പറഞ്ഞിട്ടുള്ള നിരക്കിനെക്കാൾ കൂടുതൽ തുക ഏതെങ്കിലും സ്ഥലത്ത് നിലനിൽക്കുകയാണങ്കിൽ അവ തുടർന്നും നൽകേണ്ടതാണ്.

കുറിപ്പ് :- മടൽ എന്ന് പ്രതിപാദിക്കുന്നത് ഒരു നാളികേരത്തിന്റെ പച്ചത്തൊണ്ടാണ്.

(15) യന്ത്രസഹായത്താൽ അഴുക്കത്തൊണ്ട് തല്ലുന്നതിന് താഴെ പറയുന്ന നിരക്കാണ്:-

(1) 1500 മടലിന്റെ പോള പൊളിക്കുന്നതിന് കൂലി 33.00 രൂപ.

(2) പോള ഉരിഞ്ഞ 1000 മടൽ ചകിരിയാക്കുന്നതിന് 438.00 രൂപ.

(16) പച്ചത്തൊണ്ട് യന്ത്രസഹായത്താൽ ചകിരിയാക്കുന്നതിന്:-

(1) 5000 പച്ചത്തൊണ്ട് ചകിരിയാക്കുന്നതിന് ഒരു തൊഴിലാളിക്ക് 438.00 രൂപ (കോമ്പിംഗ് മെഷീൻ)

(2) 1000 പച്ചത്തൊണ്ട് ചകിരിയാക്കുന്നതിന് 438.00 രൂപ (ബീറ്റർ മെഷീൻ പ്രവർത്തിക്കുന്ന മില്ലിൽ)

ബി. റി-ഹാങ്കിംഗ് - ബെയ് ലിംഗ് സെക്ഷൻ :- ദിവസക്കൂലി 428.00 രൂപ

1. **റീ-ഹാങ്കിംഗ്**

(1) അഞ്ചുതെങ്ങ്:-

(എ) 240 റണ്ണേജിനുതാഴെ:

(1) 17 മീറ്ററിൽ താഴെ നീളമുള്ള കയർ ഒരു തൊഴിലാളി 80 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

(2) 17 മീറ്ററിൽ കൂടുതൽ നീളമുള്ള കയർ ഒരു തൊഴിലാളി 85 കിലോഗ്രാം റീ-ഹാംങ്കിംഗ് ചെയ്യേണ്ടതാണ്.

(ബി) 240 റണ്ണേജിന് കൂടുതൽ:

(1) 17 മീറ്ററിൽ താഴെ നീളമുള്ള കയർ ഒരു തൊഴിലാളി 75 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) 17 മീറ്ററിൽ കൂടുതൽ നീളമുള്ള കയർ ഒരു തൊഴിലാളി 80 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

(2) ആറാട്ടുപുഴ:-

(എ) 240 റണ്ണേജിനു താഴെ:

(1) 17 മീറ്ററിൽ താഴെ നീളമുള്ള കയർ ഒരു തൊഴിലാളി 80 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

(2) 17 മീറ്ററിൽ കൂടുതൽ നീളമുള്ള കയർ ഒരു തൊഴിലാളി 85 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

(ബി) 240 റണ്ണേജിന് കൂടുതൽ:

(1) 17 മീറ്ററിൽ താഴെ നീളമുള്ള കയർ ഒരു തൊഴിലാളി 75 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

(2) 17 മീറ്ററിൽ കൂടുതൽ നീളമുള്ള കയർ ഒരു തൊഴിലാളി 80 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

(3) വൈക്കം:-

(എ) 200 റണ്ണേജിന് താഴെ:

(1) 17 മീറ്ററിൽ താഴെ നീളമുള്ള കയർ ഒരു തൊഴിലാളി 90 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

(2) 17 മീറ്ററിൽ കൂടുതൽ നീളമുള്ള കയർ ഒരു തൊഴിലാളി 95 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

(ബി) 200 റണ്ണേജിന് കൂടുതൽ:

(1) 17 മീറ്ററിൽ താഴെ നീളമുള്ള കയർ ഒരു തൊഴിലാളി 85 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

(2) 17 മീറ്ററിൽ കൂടുതൽ നീളമുള്ള കയർ ഒരു തൊഴിലാളി 90 കിലോഗ്രാം റീ-ഹാങ്കിംഗ് ചെയ്യേണ്ടതാണ്.

<u>കുറിപ്പ്</u> :-

(1) നിറം കൊടുക്കുന്ന കയർ റീ-ഹാംഗ് ചെയ്യുന്നതിന് 5 ശതമാനം അധിക കൂലി നൽകേണ്ടതാണ്.

(2) സാധാരണ ഹാംഗ്സിൽ നിന്നും പഞ്ചാവലിക്കൽ അടിസ്ഥാന റീ-ഹാങ്കിംഗ് നിരക്കിനോടൊപ്പം 15 ശതമാനം വർദ്ധിപ്പിച്ച നിരക്ക് നൽകേണ്ടതാണ്.

(3) അമേരിക്കൻ ഹാംഗ്സിൽ നിന്നും പഞ്ചാവലിക്കൽ 35 ശതമാനം വർദ്ധിപ്പിച്ച നിരക്കിൽ നൽകേണ്ടതാണ്.

(4) ഇരട്ടിപ്പിച്ച ഇഴ കൂട്ടിപ്പിരിക്കൽ (റോപ്പ് വ്യാപാരത്തിനനുസരിച്ച്) 10 ശതമാനം നിരക്ക് കൂട്ടി നൽകേണ്ടതാണ്.

(5) (എ) മുകളിൽ പറഞ്ഞ കൂലി അമേരിക്കൻ ഹാംഗ്സിന് നൽകേണ്ടതാണ്. ഈ നിരക്കുകൾ റീ-ഹാങ്കിങ്ങിനുവേണ്ടി കയർ എത്തിച്ചുകൊടുക്കുന്നതിനും, അതിന്റെ റീ-ഹാങ്കിങ്ങിനുശേഷം ഷെഡ്ഡിൽ നിന്നും പുറത്തേക്കിറങ്ങുന്നതിനും ബാധകമാണ്. റീ-ഹാങ്കിങ്ങിനുശേഷം ഷെഡ്ഡിൽ നിന്നും കയർ പുറത്തേക്കിറക്കി കഴിഞ്ഞതിനുശേഷം വരുന്ന യാതൊരു ചെലവും ഈ നിരക്കിൽ വരുന്നതല്ല.

(ബി) റീ-ഹാങ്കിംഗ് കൊണ്ടുദ്ദേശിക്കുന്നത് കയറിലെ പോരായ്മ (കരട്) കളുള്ള ഭാഗം മുറിക്കൽ, കയർ തുമ്പുകൾ യോജിപ്പിക്കൽ, ചുറ്റൽ മുതലായവ നിലവിലുള്ള വ്യാപാരത്തിനനുസരിച്ച്.

(സി) നിലനിൽക്കുന്ന വ്യാപാരത്തിനനുസരിച്ച് ഗുണനിലവാരമുള്ള കയറായിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. ബെയ്‌ലിംഗ്

(എ) പെൻഡിംഗും സോർട്ടിംഗും (തരം തിരിക്കൽ)

| | അടിസ്ഥാന ശമ്പളം (രൂപ) |
|---|---|
| 1) കാരിയേഴ്സ് (കയർ കൊണ്ടുപോകുന്നവർ) | 428.00 |
| 2) ഓപ്പണേഴ്സ് (കെട്ടഴിക്കുന്നവർ) | 428.00 |
| 3) എക്സാമിനേഴ്സ് (പരിശോധകർ) | 428.00 |
| 4) സൈസേഴ്സ് (തരം തിരിക്കുന്നവർ) | 428.00 |
| 5) സോർട്ടേഴ്സ് (കയർ തരം തിരിക്കുന്നവർ) | 428.00 |

**(എ)** ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കാണ് മേൽ വിവരിച്ച നിരക്കുകൾ ബാധകമാകുന്നത്.

**(ബി)** പ്രവർത്തന സമ്പ്രദായത്തിൽ ഏതെങ്കിലും ദൂരപരിധിയെപ്പറ്റി പരാമർശിച്ചിട്ടുണ്ടെങ്കിൽ അത് 46 മീറ്ററിൽ കവിയുകയാണെങ്കിൽ കൂലി 10% കൂട്ടിക്കൊടുക്കേണ്ടതാണ്.

**(സി)** ഓപ്പണർക്ക് കൂട്ടിവച്ചിരിക്കുന്ന അട്ടി 1.83 മീറ്ററിൽ കൂടുതൽ ഉയരമുള്ളതാണെങ്കിൽ തുറക്കുന്നതിനും, താഴെ കൊണ്ടുവന്ന് ഉണക്കുന്നതിനുമായി കൂലി 10% കൂടുതലായി നൽകേണ്ടതാണ്.

**(ഡി)** കയർ കൊണ്ടുപോകുന്നവർ, കയർ തരം തിരിക്കുന്നതിനുവേണ്ടി മുകളിലത്തെ ഗോഡൗണിൽ കൊണ്ടുപോകുകയാണെങ്കിൽ ആദ്യം താഴത്തെ നിലയിലെ ശരിയായ റേഡിയസ് നിരക്ക് ബാധകമാക്കേണ്ടതും അതിന്റെ നിരക്കിനൊപ്പം 10% ചുമക്കുന്ന റേറ്റിൽ കൂടുതൽ കൊടുക്കേണ്ടതാണ്.

| | |
|---|---|
| 1) കയർ കൊണ്ടു പോകുന്നവർ | 428.00 |
| 2) കെട്ടഴിക്കുന്നവർ | 428.00 |
| 3) തരം തിരിക്കുന്നവർ | 428.00 |
| 4) കയർ തിരിയുന്നവർ | 428.00 |

(1) <u>കെട്ടഴിക്കുന്നവർ</u>

(എ) ഗോഡൗണിൽ അടുക്കിവച്ചിരിക്കുന്ന കയർ ഗോഡൗണിൽ നിന്ന് 46 മീറ്ററിനുള്ളിൽ പുറത്തേയ്ക്ക് കൊണ്ടുവരേണ്ടത് ഇവരാണ്. കയറിന്റെ കെട്ടുകൾ അഴിക്കുകയും, വെയിലത്ത് ഇട്ട് ഉണക്കുമ്പോൾ കെട്ടുകൾ തിരിച്ചിടുകയും ചെയ്യേണ്ടതാണ്. ന്യൂനതയുള്ളവ, മോശമായവ, കച്ചറ തുടങ്ങിയവ തിരിഞ്ഞ് മാറ്റേണ്ടതും, 46 മീറ്ററിനുള്ളിലുള്ള ഏത് ഗോഡൗണിലേക്കും തിരിച്ചുവയ്ക്കേണ്ടതുമാണ്.

(ബി) ഉണക്കിയതിനുശേഷം ഒരേ നിറത്തിലും വണ്ണത്തിലുമുള്ളവ ഒരുമിച്ച് ചെറിയ കെട്ടുകളാക്കി മാറ്റേണ്ടതാണ്. ഉണങ്ങിയ കയർ വീണ്ടും 46 മീറ്ററിനുള്ളിലുള്ള ഏത് ഗോഡൗണിലും കൊണ്ടുപോയി അടുക്കിവയ്ക്കേണ്ടതുമാണ്.

(സി) വിരിക്കുന്നവർക്ക് മേയ് 15 മുതൽ ആഗസ്റ്റ് 15 വരെയുള്ള കാലയളവിൽ ഉണക്കുന്നതിന് കൂടുതൽ സമയം എടുക്കുന്നതിനാൽ 20 ശതമാനം മൺസൂൺ ബത്തയായി നൽകേണ്ടതാണ്.

(ഡി) ഈ 20 ശതമാനത്തിൽ, പുറത്തേയ്ക്ക് കൊണ്ടുപോകൽ, തിരിച്ചുവയ്ക്കൽ, പായ, ടാർപോളിൻ, പനമ്പ് എന്നിവ വിരിക്കൽ, കയർ മൂടി വയ്ക്കൽ എന്നിവയും മഴയുള്ളപ്പോൾ കയറും അതിന്റെ കെട്ടുകളും തിരിച്ചുകൊണ്ടുവയ്ക്കലും ഉൾപ്പെടുന്നതാണ്. മൺസൂൺ ബത്ത മേൽപ്പറഞ്ഞ കാലയളവിൽ കൈകാര്യം ചെയ്യുന്ന കയറിന് മഴയുണ്ടെങ്കിലും ഇല്ലെങ്കിലും നൽകേണ്ടതാണ്. എന്നാൽ മഴയില്ലാത്ത കാലഘട്ടത്തിൽ മഴയുണ്ടായാൽ മാനേജ്മെന്റ് നിർദ്ദേശിക്കുന്ന തരത്തിൽ കയർ ഗോഡൗണിലേയ്ക്ക് കൊണ്ടുപോകുക, ടാർപോളിൻ, പനമ്പ് എന്നിവ കൊണ്ട് കയർ മൂടി വയ്ക്കുക എന്നിവയും ചെയ്യേണ്ടതാണ്. ഇതിന് പ്രത്യേക ബത്ത നൽകേണ്ടതില്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മൺസൂൺ കാലത്ത് അല്ലാതെയുള്ള അവസരങ്ങളിൽ ടാർപോളിൻ വിരിക്കുന്ന ജോലികൾ മാനേജ്മെന്റ് ചെയ്യേണ്ടതാണ്.

(2) <u>പരിശോധകർ</u>

ഈ ജോലി ദിവസക്കൂലിക്കാരെ ഏൽപ്പിക്കേണ്ടതാണ്. ഇവർ മേലന്വേഷകരായതുകൊണ്ട് എത്രപേർ വേണമെന്നുള്ളത് മാനേജ്മെന്റിന് തീരുമാനിക്കാവുന്നതാണ്. നിലവിലുള്ള പീസ് വർക്കിൽ ഏർപ്പെട്ടിരിക്കുന്ന പരിശോധകരെ ദിവസക്കൂലിക്കാരായോ, അല്ലെങ്കിൽ നേരത്തേ ലഭിച്ചുകൊണ്ടിരുന്ന കൂലിയിൽ കുറയാതെയുള്ള പീസ് വർക്ക് അടിസ്ഥാനത്തിലോ ജോലി നൽകാവുന്നതാണ്.

(3) <u>തരംതിരിക്കുന്നവർ</u>

കയറിന്റെ വണ്ണത്തിനനുസരിച്ച് പല കെട്ടുകളായി തിരിക്കുന്ന ജോലിയാണ് ഇവരുടേത്.

(4) <u>കയർ കൊണ്ടുപോകുന്നവർ</u>

ഒരേ തരത്തിലുള്ള കയറുകൾ 46 മീറ്ററിനുള്ളിൽ തരം തിരിക്കുന്ന സ്ഥലത്തേയ്ക്ക് എത്തിച്ചുകൊടുക്കുകയാണ് ജോലി. കയറിന്റെ വണ്ണത്തിനനുസരിച്ച് തരം തിരിക്കുന്ന സ്ഥലത്തുനിന്ന് 46 മീറ്റർ അകലെയല്ലാതെയുള്ള സ്ഥലത്തേയ്ക്ക് ഗോഡൗണിൽ തന്നെയോ ഗോഡൗണിൽ നിന്നും മറ്റൊരു ഗോഡൗണിലേയ്ക്കോ അല്ലെങ്കിൽ തുറസ്സായ സ്ഥലത്തേയ്ക്കോ കൊണ്ടുപോകേണ്ടതാണ്. പറ്റാത്തതും തള്ളിക്കളഞ്ഞതുമായ കയർ തരം തിരിക്കൽ സ്ഥലത്തുനിന്ന് മാറ്റി 46 മിനിറ്റിനുള്ളിൽ എവിടെയെങ്കിലും കൂട്ടിവയ്ക്കേണ്ടതാണ്.

(5) <u>കയർ തിരിയുന്നവർ</u>

കയർ തിരിയുന്നവർ നിറം, വണ്ണം, പിരി എന്നിവയുടെ അടിസ്ഥാനത്തിൽ കെട്ടാക്കുന്നതിനുവേണ്ടി തരം തിരിച്ച് വയ്ക്കണം. മോശമായതും യോജിക്കാത്തതുമായ കയർ പ്രത്യേക കൂനകളാക്കി മാറ്റിവയ്ക്കേണ്ടതാണ്. ഇവർ തരംതിരിച്ചുവയ്ക്കുന്ന കയർ 50 കിലോഗ്രാം ഭാരമുള്ള കെട്ടുകളായി മാറ്റുന്നതിനുവേണ്ടി സജ്ജീകരിക്കേണ്ടതാണ്. തൂക്കം എടുക്കുന്നതിന് ഇവർ ആവശ്യത്തിന് കയർ എത്തിച്ചുകൊടുക്കണം. യോജിക്കാത്ത കെട്ടുകൾ വീണ്ടും ഗോഡൗണിൽ എത്തിക്കണം.

(6) <u>സഹായികൾ</u>

ചില ഫാക്ടറികളിൽ വേർതിരിക്കുന്നതിനും തരംതിരിക്കുന്നതിനും സഹായികളെ നിയമിക്കാറുണ്ട്. സഹായികളായ തൊഴിലാളികൾക്കും പ്രതിദിനം 428.00 രൂപ കൂലിക്ക് അർഹതയുണ്ട്.

(7) <u>അലോക് യാൺ</u>

അലോക് യാണിന്റെ കെട്ടഴിക്കൽ, തരംതിരിക്കൽ, കയർ തിരിയൽ എന്നിവയ്ക്ക് നൽകുന്ന കൂലി അഞ്ചുതെങ്ങിനും ബാധകമായിരിക്കുന്നതാണ്.

(8) <u>നിരക്കുകൾ</u>

കെട്ടഴിക്കൽ, ചുമക്കൽ, തരംതിരിക്കൽ, കയർ തിരിക്കൽ, ബ്ലീച്ച് ചെയ്തതിനും അല്ലാത്തതിനും എന്നിവയുടെ നിരക്ക് തന്നെയായി സാധാരണ കയർ കെട്ടുകൾക്കും എന്നാൽ ഒരു തൊഴിലുടമ ഈ ജോലികൾ ഓരോ ഇനത്തിലുംപെട്ട ജോലികളായി തിരിച്ച് ചെയ്യിക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ഈ തൊഴിലാളികൾക്ക് നേരത്തെ കൊടുത്തുകൊണ്ടിരുന്ന കൂലി നൽകി അവരെ കൊണ്ട് ചെയ്യിക്കാവുന്നതാണ്. കെട്ടഴിക്കുന്നവർക്ക് ഉണങ്ങാത്ത കയറിനുള്ള കൂലി നിരക്കും മറ്റുള്ളവർക്ക് ഉണങ്ങിയ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കയറിനുള്ള കൂലി നിരക്കും നൽകേണ്ടതാണ്. ഉണങ്ങാത്ത കയറിനുള്ള കൂലിയുടെ അടിസ്ഥാനം താഴെക്കൊടുത്തിരിക്കുന്ന പട്ടിക നിശ്ചയിക്കാം.

| | |
|---|---|
| വൈക്കം | : 40 കെട്ടുകൾ 500 കിലോ പ്രകാരം |
| അഞ്ചുതെങ്ങ്, മങ്ങാടൻ | : 20 കെട്ടുകൾ 500 കിലോ ഗ്രാം |
| അഷ്ടമുടി, പറവൂർ, ആറാട്ടുപ്പുഴ | : 6 അല്ലെങ്കിൽ 10 കെട്ടുകൾ നനവിന്റെ തോത് അനുസരിച്ച് 300 കിലോ |
| ആലപ്പാടൻ | : 6 കെട്ടുകൾ 300 കിലോ പ്രകാരം |
| റോപ്പിംഗ് | : 10 കെട്ടുകൾ 300 കിലോ പ്രകാരം |

മേൽപ്പറഞ്ഞ കൂലിനിരക്കുകൾ കിട്ടിക്കൊണ്ടിരിക്കുന്ന മൺസൂൺ നിരക്കുകൾ ഒഴികെയാണ്.

ദിവസക്കൂലിക്കാർ (പ്രത്യേക വൈദഗ്ദ്യം ഇല്ലാത്തവർ)

അടിസ്ഥാന കൂലി : 428.00

(എ) കായികമായി ചെയ്യുന്ന വൃത്തിയാക്കൽ
ജോലി - ക്രഷ് പരിചാരകർ മുതലായവർ : 428.00

(ബി) മേലുദ്യോഗസ്ഥരും വൈദഗ്ദ്യമുള്ളവരും
മൂപ്പൻമാർ മൂപ്പത്തികൾ, വൈദഗ്ദ്യമുള്ളവർ, : ഗ്രേഡ് I
മരം ആശാരികൾ, കൽപ്പണിക്കാർ, കൊല്ലൻമാർ

| | അടിസ്ഥാന ശമ്പളം (രൂപ) |
|---|---|
| 1 മുതൽ 5 കൊല്ലം വരെ സേവനം | 418.00 |
| 6 മുതൽ 10 കൊല്ലം വരെ സേവനം | 428.00 |
| 11 മുതൽ 15 കൊല്ലം വരെ സേവനം | 438.00 |
| 16 മുതൽ 20 കൊല്ലം വരെ സേവനം | 448.00 |
| 21 മുതൽ 30 കൊല്ലം വരെ സേവനം | 458.00 |
| 31 മുതൽ മുകളിലോട്ട് സേവനം | 468.00 |

(സി) മേലുദ്യോഗസ്ഥരും അർദ്ധവൈദഗ്ദ്യമുള്ളവരും : ഗ്രേഡ് II

സഹമൂപ്പൻമാർ, സഹമൂപ്പത്തികൾ, അർദ്ധവൈദഗ്ദ്യമുള്ള കൽപ്പണിക്കാർ, കൊല്ലൻമാർ, പരിശോധകർ, കൂട്ടിയിണക്കുന്ന മേലുദ്യോഗസ്ഥർ, അടയാളം നൽകുന്നവർ.

| | അടിസ്ഥാന ശമ്പളം (രൂപ) |
|---|---|
| 1 മുതൽ 5 കൊല്ലം വരെ സേവനം | 418.00 |
| 6 മുതൽ 10 കൊല്ലം വരെ സേവനം | 428.00 |
| 11 മുതൽ 15 കൊല്ലം വരെ സേവനം | 438.00 |
| 16 മുതൽ 20 കൊല്ലം വരെ സേവനം | 448.00 |
| 21 മുതൽ 30 കൊല്ലം വരെ സേവനം | 458.00 |
| 31 മുതൽ മുകളിലോട്ട് സേവനം | 468.00 |

ക്ഷാമബത്ത

ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലകൾക്കുവേണ്ടിയും പ്രസിദ്ധീകരിക്കുന്ന ജീവിത നിലവാര സൂചികയുടെ 165 പോയിന്റിൽ (2011-2012=100) കൂടുതൽ വരുന്ന ഓരോ പോയിന്റിനും 2 രൂപ 30 പൈസയാണ് ക്ഷാമബത്ത.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കുറിപ്പ്</u> :-

1. അതാത് ജില്ലാ ആസ്ഥാനങ്ങൾക്ക് വേണ്ടി എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചിക അടിസ്ഥാനത്തിൽ ഡി.എ. കണക്കാക്കേണ്ടതാണ്.

2. ഒരു പ്രത്യേക മാസത്തെ ക്ഷാമബത്ത ആ മാസത്തിന് 2 മാസം മുമ്പുള്ള ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. ഉദാഹരണത്തിന് ഏപ്രിൽ മാസത്തെ ഡി.എ. കണക്കാക്കുന്നത് ഫെബ്രുവരി മാസത്തെ ഉപഭോക്തൃ സൂചികയുടെ അടിസ്ഥാനത്തിലായിരിക്കണം.

3. വേതനകാലം രണ്ട് മാസങ്ങൾ ബന്ധപ്പെട്ടു കിടക്കുകയാണെങ്കിൽ അവസാന മാസത്തെ ആ വേതനത്തിന്റെ ഡി.എ.-യ്ക്ക് ബാധകമായിരിക്കും. ഉദാഹരണത്തിന് വേതനകാലം ഫെബ്രുവരി 24 മുതൽ മാർച്ച് വരെ ആണെങ്കിൽ ജനുവരി മാസത്തെ ഉപഭോക്തൃ സൂചികയുടെ അടിസ്ഥാനത്തിൽ ഡി.എ. കണക്കാക്കേണ്ടതാണ്. കേരളത്തിലെ ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ പ്രസിദ്ധീകരിക്കുന്ന തൊഴിലാളികളുടെ ജീവിത നിലവാര സൂചികയാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ജീവിത നിലവാര സൂചിക കൊണ്ടുദ്ദേശിക്കുന്നത്.

4. ഏതെങ്കിലും സ്ഥലത്തോ, സ്ഥാപനത്തിലോ തൊഴിലാളികൾക്ക് മേൽപ്പറഞ്ഞിരിക്കുന്ന കുറഞ്ഞ വേതനത്തിൽ കൂടുതലായി കൂലി ലഭിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള കൂടുതൽ കൂലി തുടർന്നും നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**സൗരഭ് ജെയിൻ**
ഗവൺമെന്റ് സെക്രട്ടറി.

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2012 ജൂലൈ 3-ാം തീയതിയിലെ ജി.ഒ. (എം.എസ്.) 101/2012/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2012 ജൂലൈ 9-ാം തീയതിയിലെ 1449-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.498/2012 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 2023 ഏപ്രിൽ 3-ാം തീയതിയിലെ ഇ 1/112/2022/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2023 ഏപ്രിൽ 11-ാം തീയതിയിലെ 1315-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.12.12 07:50:27 +05:30